# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5617** — **29.07.2015 ൽ മറുപടിയ്ക്ക്**

## ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ റാങ്ക് ലിസ്റ്റ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശം നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ; | (എ) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു. സുപ്രീം കോടതിയിൽ SLP(C) No. 31237/13, 31956-31957/13, 37265/13, 38067-38072/13 നമ്പരുകളിലായി അന്യായം ഫയൽ ചെയ്തിട്ടുണ്ട്. ടി SLP കളിന്മേലുള്ള ഇടക്കാല ഉത്തരവിൽ ടി തസ്തികയുടെ 31 ഒഴിവുകൾ മാറ്റി വയ്ക്കുവാൻ ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ നിയമനം ജില്ലാതലത്തിൽ നടത്തുന്നവയാണ്. ബഹു.സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിൽ ഏതൊക്കെ ജില്ലകളിലെ ഒഴിവുകളാണ് മാറ്റി വയ്ക്കേണ്ടത് എന്നത് സംബന്ധിച്ച അവ്യക്ത നിലനിൽക്കുന്നതിനാൽ പരിഷ്കരിച്ച ഉത്തരവിനായി ബഹു. സുപ്രീംകോടതി കോർട്ട് ഓഫ് രജിസ്ട്രിയിൽ പി.എസ്.സി. യുടെ അഭിഭാഷകൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി നിയമന നിർദ്ദേശം നൽകിയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) യും (സി) യും ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയുടെ പി.എസ്.സി. വഴിയുള്ള ആദ്യ നിയമനമാണ് ഇപ്പോൾ നടക്കുന്നത്. നിയമന നിർദ്ദേശം ഇതുവരെ നൽകിയിട്ടില്ല. |
| (സി) അതിനുശേഷം പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമന നിർദ്ദേശങ്ങൾ നൽകാതിരിക്കുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ